**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3104** **04-08-2021 - ൽ മറുപടിയ്ക്ക്**

**പോലീസ് സ്റ്റേഷനുകളിൽ ഓൺ ലൈൻ ആയി പരാതി സമർപ്പിക്കുന്നതിന് സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | പൊതുജനത്തിന് പോലീസ് സ്റ്റേഷനുകളിൽ നേരിട്ടെത്താതെ ഓൺ ലൈൻ ആയി പരാതി സമർപ്പിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകാമോ? | (എ) | ദേശീയ തലത്തിൽ നടപ്പിലാക്കിയിട്ടുള്ള ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിംഗ് ആന്റ് നെറ്റ് വർക്കിംഗ് സിസ്റ്റം കേരളത്തിലും നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി നടപ്പിലാക്കിയിട്ടുള്ള സിറ്റിസൺ സർവ്വീസ് പോർട്ടൽ ആയ "തുണ" എന്ന വെബ് പോർട്ടൽ വഴി പൊതുജനങ്ങൾക്ക് ഓൺലൈൻ ആയി അവരുടെ പരാതികൾ രജിസ്റ്റർ ചെയ്യാൻ സാധിക്കും. പോലീസ് സ്റ്റേഷനുകളുടേയും, മറ്റ് ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെ ഓഫീസുകളുടേയും ഇ-മെയിൽ വഴിയും പരാതികൾ സ്വീകരിച്ച് നടപടികൾ സ്വീകരിച്ചു വരുന്നു. പോലീസ് സ്റ്റേഷനുകളിൽ പോകാതെ തന്നെ പരാതികൾ നൽകുന്നതിന് തിരുവനന്തപുരം ടെക്നോപാർക്കിലും, കൊച്ചി ഇൻഫോ പാർക്കിലും മിത്രം സ്മാർട്ട് കിയോസ്കുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇവ കൂടാതെ സ്ത്രീകൾക്കും പെൺകുട്ടികൾക്കും സ്വകാര്യമായി പരാതികൾ നൽകുന്നതിന് 'അപരാജിത ഓൺലൈൻ' പോർട്ടൽ സൗകര്യവും ഒരുക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ